REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഇന്ത്യ മൂല്യവത്തായ സൗഹൃദ രാജ്യമാണെന്ന് ഫിലിപ്പെയ്ൻസ് പ്രസിഡണ്ട് ഫെർഡിനന്റ് ആർ. മാർക്കോസ്. അഞ്ച് ദിവസത്തെ സന്ദർശനത്തിന് അദ്ദേഹം ഉച്ചകഴിഞ്ഞ് ന്യൂഡൽഹിയിലെത്തും.
- ലോക്സഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. സഭ ഉച്ചക്ക് രണ്ട് മണി വരെ നിർത്തിവെച്ചു. അന്തരിച്ച ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഷിബുസോറനോട് ആദരസൂചകമായി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.
- റോസ്ഗർ മേളയിലൂടെ കഴിഞ്ഞ 16 മാസത്തിനുള്ളിൽ 11 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചതായി കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ.
- സംസ്ഥാനത്ത് വെളിച്ചെണ്ണ വില ഇനിയും കുറയുമെന്ന് മന്ത്രി GR അനിൽ.
- തദ്ദേശസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പിന് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം ഏഴു വരെ അവസരം.
- ആൻഡേഴ്സൺ-ടെണ്ടുൾക്കർ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ഇംഗ്ലണ്ടിന്റെ മറുപടി ബാറ്റിംഗ് വൈകിട്ട് പുനരാരംഭിക്കും.

## വാർത്തകൾ വിശദമായി

ഇന്ത്യ മൂല്യവത്തായ സൗഹൃദ രാജ്യമാണെന്ന് ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസ് പറഞ്ഞു. അഞ്ചു ദിവസത്തെ സന്ദർശനത്തിന് ഇന്ത്യയിലേക്ക് പുറപ്പെടുന്നതിന് മുമ്പ് നടത്തിയ പ്രസ്താവനയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ജനാധിപത്യ മൂല്യങ്ങൾ, സമുദ്ര താൽപ്പര്യങ്ങൾ, പ്രാദേശിക സമാധാനം എന്നിവയിൽ ഇന്ത്യയുമായി അർത്ഥവത്തായ ഉഭയകക്ഷി സഹകരണത്തിന് സന്ദർശനം അടിത്തറയിടുമെന്നും അദ്ദേഹം അറിയിച്ചു.

ഇന്ത്യയുമായി ഉഭയകക്ഷി ബന്ധത്തിൽ സമഗ്രവും ബഹുമുഖവുമായ വികസനം ഉണ്ടായിട്ടുണ്ടെന്നും ഇരു രാജ്യങ്ങൾക്കും പരസ്പരം പ്രയോജനപ്പെടുന്ന രീതിയിൽ സഹകരണത്തിന് വളരെയധികം സാധ്യതയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

അഞ്ച് ദിവസത്തെ സന്ദർശനത്തിന് ഉച്ചകഴിഞ്ഞാണ് ഫെർഡിനാൻഡ് ആർ. മാർക്കോസ് ന്യൂഡൽഹിയിലെത്തുക. പ്രഥമ വനിത ലൂയിസ് അരാനറ്റ മാർക്കോസ്, ക്യാബിനറ്റ് മന്ത്രിമാർ, വിശിഷ്ട വ്യക്തികൾ, മുതിർന്ന ഉദ്യോഗസ്ഥർ, ബിസിനസ് പ്രതിനിധികൾ എന്നിവരുൾപ്പെടെ ഉന്നതതല സംഘവും പ്രസിഡണ്ടിനൊപ്പമുണ്ടാകും. പ്രസിഡണ്ട് സ്ഥാനം ഏറ്റെടുത്തതിനു ശേഷം ഫെർഡിനന്റ് ആർ മാർക്കോസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. സന്ദർശന വേളയിൽ രാഷ്ട്രപതി ദ്രൗപതി മുർമുവുമായും, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും അദ്ദേഹം ഉഭയകക്ഷിചർച്ചകൾ നടത്തും.

✪✪✪

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും ജാർഖണ്ഡ് മുക്തി മോർച്ച നേതാവുമായ ഷിബു സോറൻ ന്യൂഡൽഹിയിൽ അന്തരിച്ചു. 81-ാം വയസ്സായിരുന്നു. വൃക്ക രോഗ ബാധിതനായതിനെ തുടർന്ന് ഒന്നര മാസമായി ചികിത്സയിലായിരുന്ന സോറന്റെ അന്ത്യം ഗംഗാറാം ആശുപത്രിയിൽ വെച്ചായിരുന്നു. ഇപ്പോഴത്തെ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ പിതാവായ ഷിബു സോറൻ ജാർഖണ്ഡ് മുക്തി മോർച്ചയെ 38 വർഷമാണ് നയിച്ചത്. മൂന്ന് തവണ മുഖ്യമന്ത്രിയായ അദ്ദേഹം ആദിവാസികളെ സംഘടിപ്പിച്ച് രാഷ്ട്രീയപോരാട്ടത്തിന്റെ മുൻപന്തിയിൽ എത്തിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

✪✪✪

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഷിബു സോറന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു അനുശോചനം അറിയിച്ചു. ഗോത്ര സ്വത്വത്തിനും ജാർഖണ്ഡ് സംസ്ഥാന രൂപീകരണത്തിനും സോറൻ പോരാടിയെന്നും അദ്ദേഹത്തിന്റെ വിയോഗം സാമൂഹിക നീതി മേഖലയിൽ വലിയ നഷ്ടമാണ് ഉണ്ടാക്കിയത്

കനത്ത നഷ്ടമാണെന്നും രാഷ്ട്രപതി പറഞ്ഞു. ജനങ്ങളുടെ ക്ഷേമത്തിന് ഷിബു സോറൻ നൽകിയ സംഭാവനകൾ എക്കാലത്തും ഓർമ്മിക്കപ്പെടുമെന്ന് രാഷ്ട്രപതി പറഞ്ഞു.

✪✪✪

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഷിബു സോറന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം അറിയിച്ചു. അചഞ്ചലമായ സമർപ്പണത്തിലൂടെ താഴേത്തട്ടിൽ നിന്നും ഉയർന്നു വന്ന് പൊതുജീവിതത്തിന്റെ ഉന്നതിയിലെത്തിയ നേതാവാണ് ഷിബു സോറൻ എന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ആദിവാസി സമൂഹങ്ങളെയും ദരിദ്രരെയും അടിച്ചമർത്തപ്പെട്ടവരെയും ശാക്തീകരിക്കുന്നതിൽ ഷിബു സോറൻ പ്രത്യേക താൽപര്യം കാണിച്ചിരുന്നതായും പ്രധാനമന്ത്രി അനുസ്മരിച്ചു.

✪✪✪

അന്തരിച്ച ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഷിബുസോറനോട് ആദരസൂചകമായി രാജ്യസഭ ഇന്നേക്ക് പിരിഞ്ഞു. വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു.

✪✪✪

റോസ്ഗർ മേളയിലൂടെ കഴിഞ്ഞ 16 മാസത്തിനുള്ളിൽ 11 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചതായി കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ലോക്സഭയിൽ പറഞ്ഞു. RBI യുടെ റിപ്പോർട്ട് അനുസരിച്ച്, കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 17 കോടിയിലധികം യുവാക്കൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും മാണ്ഡവ്യ വ്യക്തമാക്കി. UPI ഗവൺമെന്റ് 10 വർഷത്തിനിടെ മൂന്ന് കോടി തൊഴിലവസരങ്ങൾ മാത്രമാണ് നൽകിയതെന്നും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നാല് കോടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രധാനമന്ത്രി വീക്ഷിത് ഭാരത് റോസ്ഗർ യോജനയ്ക്ക് കീഴിൽ രണ്ട് ലക്ഷം കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മൻസൂഖ് മാണ്ഡവ്യ പറഞ്ഞു.

✪✪✪

പ്രഥമ ബിംസ്റ്റെക് പരമ്പരാഗത സംഗീതോത്സവത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് സംഘടിപ്പിക്കുന്ന പരിപാടി വൈകീട്ട് ഭാരത് മണ്ഡപത്തിൽ കേന്ദ്ര മന്ത്രി ഡോ. S. ജയശങ്കർ ഉദ്ഘാടനം ചെയ്യും. ഇന്ത്യ, ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലൻഡ് എന്നീ ബിംസ്റ്റെക് രാജ്യങ്ങളിലെ കലാകാരന്മാർ സംഗീത സായാഹ്നത്തിൽ പരിപാടികൾ അവതരിപ്പിക്കും.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്നു ദിവസത്തെ പണനയ അവലോകന യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിലാണ് യോഗം. റിപ്പോനിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് തീരുമാനം ബുധനാഴ്ച പ്രഖ്യാപിക്കും.

✪✪✪

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും RJD നേതാവ് തേജസ്വി യാദവും ഭരണഘടനാ സ്ഥാപനമായ തെരഞ്ഞെടുപ്പ് കമ്മീഷനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് പറഞ്ഞു. സ്വന്തം വോട്ടർമാരെ അവർ തെറ്റദ്ധരിപ്പിക്കുകയും വഞ്ചിക്കുകയുമാണെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

വെളിച്ചെണ്ണ വില ഇനിയും കുറയുമെന്ന് മന്ത്രി GR അനിൽ അറിയിച്ചു. ഓണത്തിന് റേഷൻകാർഡ് ഒന്നിന് സബ്സിഡി നിരക്കിൽ രണ്ട് ലിറ്റർ വെളിച്ചെണ്ണ ലഭ്യമാക്കുമെന്നും മന്ത്രി കോഴിക്കോട്ട് പറഞ്ഞു. വിപണിയിലെ മോശം വെളിച്ചെണ്ണ കണ്ടെത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കണമെന്ന് മന്ത്രി നിർദേശിച്ചു.

✪✪✪

ടി പി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് പൊലീസ് കാവലിൽ മദ്യപാനം നടത്താൻ സൗകര്യം ഒരുക്കി കൊടുത്ത് സംസ്ഥാന ഗവൺമെന്റ് കേരളത്തെ അപമാനിക്കു കയാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കുറ്റപ്പെടുത്തി. ടിപി വധക്കേസിലെ ഗൂഢാലോചന പ്രതികൾ വെളിപ്പെടുത്തുമെന്ന ഭയമാണ് ആഭ്യന്തര വകുപ്പിനെന്നും സതീശൻ തിരുവനന്തപുരത്ത് പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം തലവൻ ഡോ. ഹാരിസിനെ വേട്ടയാടാനാണ് ഗവൺമെന്റിന്റെ ശ്രമമെന്നും സതീശൻ ആരോപിച്ചു.

✪✪✪

ഇന്ത്യ-അമേരിക്ക തീരുവ സംബന്ധിച്ച് സമീപകാല സംഭവങ്ങളെ കുറിച്ച് തെറ്റായ വിവരങ്ങളാണ് സാമൂഹിക മാധ്യമ അക്കൗണ്ടുകൾ പ്രചരിപ്പിച്ചതെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഫാക്ട് ചെക്ക് വിഭാഗം കണ്ടെത്തി. ഈ അകൗണ്ടുകൾ വിദേശ കാര്യ മന്ത്രാലയത്തിനും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനുമെതിരെ വ്യാജ പ്രചാരണ നടത്തിയെന്നും PIB വ്യക്തമാക്കി.

✪✪✪

തദ്ദേശസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം ഏഴു വരെ അവസരം. അന്തിമ വോട്ടർപട്ടിക 30-ന് പ്രസിദ്ധീകരിക്കും. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

പുറങ്കടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പൽ MSC എൽസ-3 യിൽ നിന്ന് എണ്ണയും, കണ്ടെയ്നറുകളും വീണ്ടെടുക്കുന്ന ദൗത്യം കൊല്ലം തുറമുഖം കേന്ദ്രീകരിച്ച് ആരംഭിച്ചു. വിവിധ രാജ്യങ്ങളിലെ വിദഗ്ധർ ഉൾപ്പെട്ട 20 അംഗ സാൽവേജ് സംഘം ഇന്നലെ തുറമുഖത്തെത്തി. കാലാവസ്ഥ അനുകൂലമാകുന്നമുറയ്ക്ക് എണ്ണ നീക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കും. സംഘത്തിന് തുടർച്ചയായി എമിഗ്രേഷൻ നടത്തേണ്ടതിനാൽ തുറമുഖത്തെ എമിഗ്രേഷൻ ഓഫീസും, ചെക്പോയിന്റും പ്രവർത്തന സജ്ജമാക്കി.

✪✪✪

പുതിയ കാലത്തോട് മത്സരിക്കാൻ സന്നദ്ധമായാണ് ഖാദി ബോർഡ് മുന്നോട്ടു പോകുന്നതെന്നു നിയമസഭാ സ്പീക്കർ AN ഷംസീർ പറഞ്ഞു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡും ഖാദി സ്ഥാപനങ്ങളും സംയുക്തമായി സംഘടിപ്പിച്ച ഓണം മേള കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പുതിയ തലമുറക്ക് അനുയോജ്യമായ ഖാദി വസ്ത്രങ്ങൾ ഉൽപാദിപ്പിക്കുന്നത് ഏറെ സന്തോഷകരമാണെന്നും അദ്ദേഹം പറഞ്ഞു. ഖാദി ബോർഡ് വൈസ് ചെയർമാൻ P ജയരാജൻ അധ്യക്ഷനായി.

ചടങ്ങിൽ ഖാദി സ്ലിംഗ് ബാഗ് സ്പീക്കർ വിപണിയിൽ ഇറക്കി. ഖാദിയുടെ പുതിയ ഉൽപന്നങ്ങളുടെ ലോഞ്ചിംഗ് മേയർ മുസ്ലിഹ് മഠത്തിലും സമ്മാനക്കൂപ്പണിന്റെ വിതരണോദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരിയും നിർവഹിച്ചു.

✪✪✪

ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് കണ്ണൂരിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്ന് വീവേഴ്സ് സർവീസ് സെന്റർ ഡെപ്യൂട്ടി ഡയറക്ടർ എം അനന്തൻ അറിയിച്ചു. ന്യൂഡൽഹിയിൽ ദേശീയ തല പരിപാടിയിൽ കണ്ണൂരിലെ 14പേർ ഉൾപ്പെടെ കേരളത്തിൽ നിന്ന് 21 ഗുണഭോക്താക്കൾ പങ്കെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കോവിഡ് കാലത്ത് സംസ്ഥാന ഗവൺമെന്റ് ഉപയോഗിച്ച സ്വകാര്യ കെട്ടിടങ്ങളുടെ ഉടമകൾക്ക് വാടകയും നഷ്ടപരിഹാരവും നൽകാൻ ഗവൺമെന്റിന് നിയമപരമായി ബാധ്യതയുണ്ടെന്ന് ഹൈക്കോടതി. സ്വകാര്യ വിദ്യാഭ്യാസ ഏജൻസിയുടെ കെട്ടിടങ്ങളും ഉപകരണങ്ങളും ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് N. നഗരേഷിന്റെ ഉത്തരവ്.

✪✪✪

സംസ്ഥാനത്തെ ആറു ജില്ലകളിൽ ഇന്ന് അതിശക്ത മഴയ്ക്കും, എട്ടു ജില്ലകളിൽ ശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വടക്കൻ തമിഴ്നാട് തീരത്തിനു സമീപം രൂപംകൊണ്ട ചക്രവാതച്ചുഴി കാരണം ശക്തമായ കാറ്റിനും ഒറ്റപ്പെട്ട മഴയ്ക്കും സാധ്യതയുണ്ട്.

✪✪✪

ഓവലിൽ ആൻഡേഴ്സൺ-ടെണ്ടുൾക്കർ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ഇംഗ്ലണ്ടിന്റെ മറുപടി ബാറ്റിംഗ് വൈകിട്ട് പുനരാരംഭിക്കും. ഇന്ത്യ ഉയർത്തിയ 374 റൺസ് വിജയലക്ഷ്യം പിന്തുടരുന്ന ഇംഗ്ലണ്ട്, രണ്ടാം ഇന്നിങ്സിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 339 റൺസ് എടുത്തിട്ടുണ്ട്. ഹാരി ബ്രൂക്കിന്റെയും ജോ റൂട്ടിന്റെയും സെഞ്ച്വറികളുടെ പിൻബലത്തിൽ മികച്ച പ്രകടനം നടത്തിയ ഇംഗ്ലണ്ടിന് വിജയത്തിലേക്കെത്താൻ ഇനി 35 റൺസ് മതി.

അഞ്ച് മത്സര പരമ്പരയിൽ നിലവിൽ ഇന്ത്യ 1-2 ന് പിന്നിലാണ്.

✪✪✪

41-ാമത് സബ് ജൂനിയർ ദേശീയ നീന്തൽ ചാമ്പ്യൻഷിപ്പും 51-ാമത് ജൂനിയർ ദേശീയ വാട്ടർ പോളോ ആൻഡ് ഡൈവിംഗ് അക്വാട്ടിക് ചാമ്പ്യൻഷിപ്പും ഇന്ന് ബെംഗളൂരുവിൽ ആരംഭിച്ചു. രണ്ട് ദിവസത്തെ മത്സരങ്ങളിൽ 22 സംസ്ഥാനങ്ങളിൽ നിന്ന് 600-ലധികം താരങ്ങളാണ് പങ്കെടുക്കുന്നത്.

✪✪✪

കോഴിക്കോട് ജില്ലാ അത്ലറ്റിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജൂനിയർ, സീനിയർ ജില്ലാ ചാമ്പ്യൻ ഷിപ്പ് ബുധൻ, വ്യാഴം ദിവസങ്ങളിൽ മെഡിക്കൽ കോളേജ് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. 72 ക്ലബ്ബുകളിൽ നിന്നായി ആയിരത്തോളം അത്ലറ്റുകൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും.

✪✪✪

കണ്ണൂർ പേരാവൂർ തെരുവിൽ, ടിപ്പർ ലോറിയും സ്കൂട്ടറും കൂട്ടിയിടിച്ച് സ്കൂട്ടർ യാത്രക്കാരനായ യുവാവ് മരിച്ചു. ആര്യപ്പറമ്പ് സ്വദേശി പുത്തൻവീട്ടിൽ മിഥുൻരാജാണ് മരിച്ചത്. 32 വയസ്സായിരുന്നു. രാവിലെയായിരുന്നു അപകടം .

✪✪✪

കോഴിക്കോട് നാരങ്ങാത്തോട് പതങ്കയത്ത് ഒഴുക്കിൽപ്പെട്ട് കാണാതായ വിദ്യാർഥിക്കായി ഫയർ ഫോഴ്സും സന്നദ്ധ പ്രവർത്തകരും തിരച്ചിൽ പുനരാരംഭിച്ചു. ഇന്നലെയാണ് മഞ്ചേരി സ്വദേശിയായ വിദ്യാർഥിയെ കാണാതായത്.

✪✪✪

പത്തനംതിട്ട മൈലപ്രയിൽ നിയന്ത്രണം വിട്ട കാർ ഇടിച്ച് ബൈക്ക് യാത്രികൻ മരിച്ചു. റാന്നി പെരുന്നാട് മാടമൺ സ്വദേശി നന്ദു മോഹൻ ആണ് മരിച്ചത്. പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയിൽ ഇന്നലെ രാത്രിയായിരുന്നു അപകടം.

✪✪✪

രാഷ്ട്രഭാഷ വേദി മലപ്പുറം ജില്ലാ കമ്മിറ്റി ആഭിമുഖ്യത്തിൽ തിരൂരങ്ങാടിയിൽ പ്രേം ചന്ദ് അനുസ്മരണവും ഹിന്ദി അധ്യാപകരെ ആദരിക്കൽ ചടങ്ങും നടത്തി. യോഗത്തിൽ ഹിന്ദി TTC പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് പുരസ്കാരവും നൽകി.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*NRT: സിയാബ് ടിപി, സാലിം*
*DEO: സി കെ സുബോധ്*